**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6379 | 11.07.2012-ൽ മറുപടിക്ക്

## ബിവറേജസ് കോർപ്പറേഷനിലെ കമ്പ്യൂട്ടർവൽക്കരണം

**ചോദ്യം**

ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ.കെ.ശിവദാസൻ നായർ
ശ്രീ.റ്റി.എൻ.പ്രതാപൻ
ശ്രീ.ജോസഫ് വാഴക്കൻ

**ഉത്തരം**

ശ്രീ.കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)

---

(എ) സംസ്ഥാനത്തെ ബിവറേജസ് കോർപ്പറേഷന്റെ കീഴിലുള്ള വെയർ ഹൗസുകൾ കമ്പ്യൂട്ടർവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(എ) ബിവറേജസ് കോർപ്പറേഷന്റെ കീഴിലുള്ള എഫ്.എൽ.9 വെയർഹൗസുകളിൽ, നിലവിൽ, മദ്യത്തിന്റെ ഇനവിവരപട്ടിക, ഇൻവോയ്സ്, സാധനങ്ങളുടെ ശേഖരം, മറ്റു രജിസ്റ്ററുകൾ എന്നിവ കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ കീഴിലുള്ള എല്ലാ വെയർഹൗസുകളുടേയും, ചില്ലറ വില്പന ശാലകളുടേയും, ഹെഡ് ആഫീസിലേയും എല്ലാ പ്രവർത്തനങ്ങളും കമ്പ്യൂട്ടർ വൽക്കരിക്കാനുള്ള ഒരു നിർദ്ദേശം പരിഗണനയിലുണ്ട്.

(ബി) കമ്പ്യൂട്ടർവൽക്കരണം കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്നും ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

(ബി) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ കമ്പ്യൂട്ടർവൽക്കരണം ഏർപ്പെടുത്തിയാൽ, വെയർഹൗസുകളിലും ചില്ലറ വില്പന ശാലകളിലും ഫണ്ട് ട്രാൻസ്ഫറിലും മറ്റും മികച്ച രീതിയിലുള്ള നിരീക്ഷണവും നിയന്ത്രണവും ഏർപ്പെടുത്താൻ കഴിയും.

കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ്, സമഗ്രമായ ഒരു കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുവാൻ അംഗീകാരം നൽകുകയും, ആയതിന്റെ അടിസ്ഥാനത്തിൽ, ബാംഗ്ലൂരിലെ സെന്റർ ഫോർ അഡ്വാൻസ്ഡ് കമ്പ്യൂട്ടിംഗ് (C-DAC) എന്ന സ്ഥാപനം ഒരു യൂസർ റിക്വയർമെന്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. വിവര സാങ്കേതിക വകുപ്പിന്റെ നിർദ്ദേ

ശത്തിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത കമ്പ്യൂട്ടർവൽക്കരണം മുന്നോട്ട് കൊണ്ടുപോകുവാൻ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.